## 1163

വരുവിൻ യേശുവിൻ ചാരേ വരുവിൻ അനുതാപത്തോടേ
വരുവിൻ നിങ്ങൾ വരുവിൻ ദൈവം നൽകും
രക്ഷ കൃപയാൽ - വിശ്വാസത്താൽ

1 ക്രിസ്തു നാഥൻ കാൽവറിയിൽ ക്രൂശിൽ
രക്തം ചിന്തി മരിച്ചുയിർപ്പൂണ്ടു ശിക്ഷാവിധി നീങ്ങി
നിത്യ രക്ഷാമാർഗ്ഗം വിളംബരം ചെയ്തു ഭൂവിൽ-

2 പാപഭാരത്താലുലകിൽ വാഴും മാനവരേ നിങ്ങൾ വന്നിടുവിൻ
പാപഭാരം നീക്കും ശാപമെല്ലാം പോക്കും പരമസൗഭാഗ്യമേകും

3 ലോകസുഖം നൊടിനേരം മാത്രം ശോകമല്ലാതെന്താണതിൻ നേട്ടം
നിത്യസമാധാനം ക്രിസ്തുവിന്റെ ദാനം നിയതം സന്തോഷമല്ലോ- **G.P.**